# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5769 — 02.07.2014 ന് മറുപടിയ്ക്ക്

## ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതിക വിദ്യ സ്വായത്തമാക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എം.എ. വാഹീദ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്ക് നൂതന സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിനും ജോലി ഉറപ്പാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് നടത്തിയത്; വിശദമാക്കുമോ;<br><br>(ബി) ഇതിനായി എന്തെല്ലാം സംരംഭങ്ങൾ നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ; | ***(എ) & (ബി)*** വിവര സാങ്കേതികവിദ്യയിലൂന്നിയ ഇലക്ട്രോണിക് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വെർച്ചൽ ക്ലാസ്സ്റൂം പദ്ധതി നടപ്പിലാക്കി. ഒരു വിദഗ്ധ പരിശീലകന്റെ സഹായത്താൽ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ്സ് മുറിയിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ. കളിൽ ഒരേ സമയം ലഭ്യമാക്കുവാൻ ഈ പദ്ധതിക്ക് സാധിക്കുന്നു. ഇതിനോടൊപ്പം രാജ്യത്തും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവം മൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കുവാനും സാധിക്കും. പഠനഭാഗങ്ങൾ പെട്ടെന്ന് മനസ്സിലാക്കുന്നതിനായി 3D ടീച്ചിംഗ് എയ്ഡ് അഡ്മിഷനുകൾ നടപ്പാക്കിയിട്ടുണ്ട്.<br><br>www.skilljobs.kerala.gov.in എന്ന ജോബ് പോർട്ടൽ വ്യാവസായിക പരിശീലന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ വന്നു. |
| (സി) ഏതെല്ലാം സ്ഥാപനങ്ങളും സംരംഭകരുമാണ് ഇതുമായി സഹകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (സി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്ചൽ ക്ലാസ്സ്റൂം പദ്ധതി നടപ്പിലാക്കുന്നത്. ബി.എസ്.എൻ.എൽ. സേവനം, ഇന്റർനെറ്റ് കണക്ടിവിറ്റിക്കായി ഉപയോഗിക്കുന്നു. ജോബ്പോർട്ടലിനെ സംബന്ധിച്ച് കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ലഭ്യമായ എവിടെ നിന്നും ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും തൊഴിൽ വിവരം അറിയാവുന്നതുമാണ്. |

| | |
|---|---|
| (ഡി) ഏതെല്ലാം തൊഴിൽ മേഖലകളിലാണ് ഇതുവഴി വിദ്യാർത്ഥികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) www.skilljobs.kerala.gov.in എന്ന അഡ്രസ്സിൽ പരിചയ സമ്പന്നരായ ഏത് ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാർക്കും സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കാലാകാലങ്ങളിൽ ഇവർ ആർജ്ജിക്കുന്ന ഉയർന്ന അധിക സ്കിൽ വിദ്യാഭ്യാസ യോഗ്യതകളും ഇതിനൊപ്പം കൂട്ടിച്ചേർക്കുന്നതിനുള്ള അവസരവും ഉണ്ട്. തൊഴിൽ ദാതാക്കൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സ്കിൽ ആവശ്യകത വ്യക്തമാക്കുന്നതിനും സംവിധാനം ഉണ്ട്. തൊഴിൽ ദാതാക്കളേയും തൊഴിൽ അന്വേഷകരേയും ഇടനിലക്കാരുടെ സഹായമില്ലാതെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വളരെ പ്രധാനപ്പെട്ട സേവനം ജോബ് പോർട്ടലിലൂടെ നൽകുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ